1246/കെ/2022/കെ.എസ്.എച്ച്.ഒ 21-02-2022

# 'സർഗ്ഗം-2022'-സംസ്ഥാനതല കഥാരചന(മലയാളം) മത്സരം

കുടുംബശ്രീ വനിതകളുടെ സർഗ്ഗാത്മക ശേഷി വളർത്തുന്നതിനും അവരെ കലാസാഹിത്യ മേഖലകളിലേക്ക് കൈ പിടിച്ചുയർത്തിക്കൊണ്ട് സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് കരുത്തു പകരുന്നതിനുമായി കുടുംബശ്രീ പബ്ളിക് റിലേഷൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കുടുംബശ്രീ വനിതകൾ/ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കായി 'സർഗ്ഗം-2022'-സംസ്ഥാനതല കഥാരചന(മലയാളം) മത്സരവും ഇതിൽ നിന്നു മികച്ച സൃഷ്ടികൾ അയച്ച 40 വനിതകളെ ഉൾപ്പെടുത്തി 'സർഗ്ഗം-2022' ത്രിദിന സാഹിത്യ ക്യാമ്പും നടത്താൻ ഉദ്ദേശിക്കുന്നു. സാഹിത്യമേഖലയിലെ പ്രമുഖരായ എഴുത്തുകാരുമായി സംവദിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും അതുവഴി കുടുംബശ്രീ വനിതകളുടെ കാഴ്ചപ്പാടുകൾക്കും ക്രിയാത്മകതയ്ക്കും കൂടുതൽ കരുത്തു ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കുന്നതിന്റെ ഭാഗമായാണ് ഈ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

**കഥാരചന മത്സരം: രചനകൾ അയക്കേണ്ട വിലാസം**

രചനകൾ അയക്കുന്ന ആളിന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ, സി.ഡി.എസ് ചെയർപേഴ്സന്റെ സാക്ഷ്യപത്രം എന്നിവ സഹിതം

പബ്ളിക് റിലേഷൻസ് ഓഫീസർ
കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ
ട്രിഡ ബിൽഡിങ്ങ്-രണ്ടാം നില
മെഡിക്കൽ കോളേജ്.പി.ഒ
ചാലക്കുഴി റോഡ്
തിരുവനന്തപുരം-695 011

എന്ന വിലാസത്തിൽ 2022 മാർച്ച് പത്തിനു മുമ്പായി തപാൽ വഴിയോ കൊറിയർ വഴിയോ അയക്കേതാണ്. ഇമെയിൽ വഴിയോ മൊബൈൽ വാട്ട്സാപ് വഴിയോ അയക്കുന്ന രചനകൾ യാതൊരു കാരണവശാലും മത്സരത്തിന് പരിഗണിക്കുന്നതല്ല.

**രചനകൾ ലഭിക്കേണ്ട അവസാന തീയതി**

2022 മാർച്ച് പത്ത്

**കഥാരചന -സമ്മാനം**

സംസ്ഥാനതല കഥാരചന മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 15,000 10,000, 5000 എന്നിങ്ങനെ ക്യാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. കൂടാതെ പ്രോത്സാഹന സമ്മാനത്തിന് അർഹമായ രചനകൾ ഉണ്ടെന്ന് ജൂറി അംഗങ്ങൾ വിലയിരുത്തുകയാണെങ്കിൽ അപ്രകാരം കണ്ടെത്തുന്ന അഞ്ചു പേർക്ക് പ്രോത്സാഹന സമ്മാനമായി 1000 രൂപയും ട്രോഫിയും നൽകുന്നതാണ്.

**'സർഗ്ഗം-2022' സാഹിത്യ ക്യാമ്പ്**

2022 മാർച്ച് 23, 24, 25 തീയതികളിൽ തൃശൂർ കിലയിലാണ് 'സർഗ്ഗം' സാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുക. കേരള സാഹിത്യ അക്കാദമി, ജില്ലാ ഇൻഫർമേഷൻ ആൻഡ് പബ്ളിക് റിലേഷൻസ് വകുപ്പ്, കേരള പത്ര പ്രവർത്തക യൂണിയൻ ജില്ലാ ഘടകം എന്നിവയുമായി സഹകരിച്ചു കൊണ്ടായിരിക്കും ഇത്. കഥാരചന മത്സരവിജയികൾക്ക് 'സർഗ്ഗം-2022' സാഹിത്യ ക്യാമ്പിന്റെ സമാപന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നതാണ്. സാഹിത്യമേഖലയിലെ പ്രമുഖ വ്യക്തികളായിരിക്കും ജൂറി അംഗങ്ങൾ.

## 'സർഗ്ഗം-22' സംസ്ഥാനതല കഥാരചന (മലയാളം):
## മത്സരം സംബന്ധിച്ച നിബന്ധനകൾ

1. രചനകൾ 2022 മാർച്ച് പത്തിനകം ലഭിച്ചിരിക്കണം.
2. കുടുംബശ്രീയിൽ അംഗത്വമുള്ള വനിതകൾ/ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്ക് മാത്രമേ കഥാരചനാ മത്സരത്തിൽ പങ്കെടുക്കാൻ കഴിയൂ
3. കഥാരചനയ്ക്ക് ഇഷ്ടമുള്ള വിഷയം തിരഞ്ഞെടുക്കാവുന്നതാണ്
4. കഥാരചനയ്ക്ക് പരമാവധി 2000 (രണ്ടായിരം) വാക്കുകൾ മാത്രമേ ഉപയോഗിക്കാവൂ
4. രചനകൾ മൗലികമായിരിക്കണം
5. കഥയോടൊപ്പം കഥ എഴുതിയ ആളിന്റെ പേര്, കൃത്യമായ മേൽവിലാസം, അയൽക്കൂട്ടത്തിന്റെ/ഓക്സിലറി ഗ്രൂപ്പിന്റെ പേര്, ഫോൺ നമ്പർ എന്നിവ മറ്റൊരു കടലാസിൽ വ്യക്തമായി എഴുതി അയക്കേണ്ടതാണ്.
6. കഥയെഴുതിയ കടലാസിൽ യാതൊരു കാരണവശാലും രചയിതാവിന്റെ പേരും മേൽവിലാസവും എഴുതാൻ പാടില്ല. അപ്രകാരം അയയ്ക്കുന്ന രചനകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
7. കഥാരചന മത്സരത്തിൽ പങ്കെടുക്കുന്നവർ അയൽക്കൂട്ട അംഗത്വം / ഓക്സിലറി ഗ്രൂപ്പ് അംഗമാണെന്ന് തെളിയിക്കുന്നതിന് അതത് സി.ഡി.എസ് ചെയർപേഴ്സന്റെ സാക്ഷ്യപത്രവും കഥയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം
8. രചനകൾ മലയാളത്തിൽ ടൈപ്പ് ചെയ്തോ കൈയ്യെഴുത്തു പ്രതിയായോ അയക്കാവുന്നതാണ്. കൈയ്യെഴുത്തു പ്രതികൾ അയയ്ക്കുന്നവർ വൃത്തിയുള്ള കൈപ്പടയിൽ എഴുതി അയക്കേണ്ടതാണ്.
9. ഒരാൾ ഒരു രചന മാത്രമേ അയക്കാവൂ
10. കഥാരചനാ മത്സര വിജയികളെ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.
11. മികച്ച രചനകൾ കുടുംബശ്രീ പ്രസിദ്ധീകരിക്കുന്നതാണ്. മത്സരത്തിൽ ലഭിക്കുന്ന രചനകളുടെ പൂർണ്ണ അവകാശം കുടുംബശ്രീക്കായിരിക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ